ക്സിൽനിന്നാരംഭിച്ച റാലി നഗരം

ലേഖകളും വിതരണം ചെയ്തു.

നൽകി. ലഹരി വിരുദ്ധ പ്രതിജ്ഞ യും എടുത്തു.

അടിപിടിയുണ്ടായത്. ഹേമയുടെ വീട്ടിൽ മറ്റാരും ഇല്ലാതിരുന്ന സമ



ലോക ലഹരിവിരുദ്ധ ദിനാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം കലക്ടർ പി. വേണുഗോപാൽ നീർക്കുന്നം എസ്ഡിവിയുപി സ്കൂളിൽ നിർവഹിക്കുന്നു.

# പുതുതലമുറ ലഹരി വസ്തുക്കൾ വർജിക്കണം

അമ്പലപ്പുഴ: ലഹരി വസ്തുക്കൾ വർജിച്ചും പരിസരശുചീകരണം നടത്തിയും നാടിന്റെ വികസന പങ്കാളികളാകാൻ പുതുതലമുറ മുന്നോട്ടു വരണമെന്ന് ജില്ലാ കലക്ടർ പി. വേണുഗോപാൽ അഭിപ്രായപ്പെട്ടു.

ലോക ലഹരിവിരുദ്ധ ദിനാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം നീർക്കുന്നം എസ്ഡിവി യുപി സ്കൂളിൽ നിർവഹിക്കുകയായിരുന്നു. ബ്ലോക്ക് പഞ്ചായത്തു പ്രസിഡന്റ് ബി. സുലേഖ അധ്യക്ഷത വഹിച്ചു.

പ്രമുഖ ഗാന്ധിയൻ കല്ലേലി രാഘവൻപിള്ള വിമുക്തി പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. അക്ഷയ ഡയറക്ടർ കോരാത്ത് വി. മാത്യു, ജില്ലാ മെഡിക്കൽ ഓഫിസർ ഡോ. കെ.എം. സിറാബുദീൻ, ദേവദത്ത് ജി. പുറക്കാട്, ജില്ലാ പഞ്ചായത്തംഗം ബിന്ദു ബൈജു, ഗ്രാമപഞ്ചായത്തു പ്രസിഡന്റ് വി. ധ്യാനസുതൻ, ഡോ. ആർ.എസ്. നിഷ, ജില്ലാ ഇൻഫർമാറ്റിക് ഓഫിസർ പാർവതി ദേവി, അനൂപ്, പഞ്ചായത്ത് അംഗങ്ങളായ വിശ്വമ്മ വിജയൻ, അനിത സതീശ്, ഷേർളി, അക്ഷയ സംരംഭകൻ ഐ. ഷഫീക് എന്നിവർ പ്രസംഗിച്ചു. മനുഷ്യച്ചങ്ങലയും സംഘടിപ്പിച്ചു. അക്ഷയ വിമുക്തി ക്ലബ്ബിലെ ഇന്റൽ ലേൺ വിദ്യാർഥികളായ അശ്വതി, ജയലക്ഷ്മി എന്നിവർക്കു ജില്ലാ കലക്ടറും അക്ഷയ ഡയറക്ടറും ഉപഹാരം നൽകി.

# 'ഹോം ഗാർഡുകൾക്ക് ഇൻഷുറൻസ് പരിരക്ഷ വേണം'

ആലപ്പുഴ: ഒന്നര വർഷമായി ജോലി ചെയ്യുന്ന ഹോം ഗാർഡുകൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകണമെന്നു കേരള ഹോം ഗാർഡ്സ് അസോസിയേഷൻ ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടു.

നിത്യവും 250 രൂപ വേതനത്തിനു ജോലി ചെയ്യുന്ന ഹോം ഗാർഡുകൾക്കു വേതനം 450 രൂപയാ

## എൻജിനീയറിങ് പ്രവേശനം

## അനധികൃത മദ്യ വിൽപന: ഒരാൾ അറസ്റ്റിൽ